(എഫ്) ഇതു സംബന്ധിച്ച് ഏതൊക്കെ കേസുകളിലാണ് എക്സൈസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളത്; കേസ് സംബന്ധമായി എത്ര ഉദ്യോഗസ്ഥർ ശിക്ഷാനടപടിക്ക് വിധേയരായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അംഗീകൃത ഡിസ്റ്റിലറികൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സ്പിരിറ്റ് കൊണ്ടുവരുന്നതിന് അനുമതി നൽകുന്നുണ്ട്. സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കും അന്വേഷണത്തിനുശേഷം അനുമതി നൽകുന്നുണ്ട്;

(ബി) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പിരിറ്റ് കടത്തു തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് കൂടുതൽ സേനയെ നിയോഗിക്കുകയും രാത്രികാല പട്രോളിംഗ് കർശനമാക്കുകയും ചെയ്തിട്ടുണ്ട്;

(സി) എക്സൈസ് വകുപ്പ് 778 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത ഒരു കേസിൽ പ്രതിയെ ശിക്ഷിച്ചിട്ടുണ്ട്. കേസ് നം. 52/01 തിരുവനന്തപുരം റേഞ്ച്. പോലീസ് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) വ്യാജമദ്യവും സ്പിരിറ്റും കണ്ടെത്തി നടപടിയെടുക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി ഉണ്ടായിട്ടില്ല.

അനധികൃത സ്പിരിറ്റ് കടത്തൽ

42 [221] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ തോതിൽ കേരളത്തിലേക്ക് അനധികൃതമായി സ്പിരിറ്റ് കടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേയ്, ജൂൺ മാസങ്ങളിൽ എത്ര ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട് എന്നും, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) എത്ര കേസ്സുകളിൽ പ്രതികളെ പിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യാപകമായ തോതിൽ കടത്തു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എക്സൈസ് വകുപ്പ് 41,407.55 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 42,339 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. 15 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എക്സൈസ് വകുപ്പ് 34 കേസുകളിലായി ആകെ 21 പ്രതികളെ പിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പ് 13 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കള്ളുഷാപ്പുകൾ വഴിയുള്ള ചാരായ വില്പന

43 [222] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കള്ളുഷാപ്പുകൾവഴി ചാരായം വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2003-2004, 2004-2005 വർഷങ്ങളിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്രപേരെ അറസ്റ്റ് ചെയ്തു; അറസ്റ്റ് ചെയ്തവരിൽ എത്ര ഷാപ്പുടമകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചില ജില്ലകളിലെ ഏതാനും കള്ളുഷാപ്പുകളിൽ ചാരായം വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ചുവടെ കൊടുത്തിരിക്കുന്നു.

പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

വർഷം	കേസുകളുടെ എണ്ണം	പ്രതികളുടെ എണ്ണം	ഷാപ്പുടമകളുടെ എണ്ണം
2003-2004	20	38	11
2004-2005	9	14	6
ആകെ	29	52	17

എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ

2003-2004	55	70	11
2004-2005	64	59	5
ആകെ	119	129	16

വിറ്റഴിച്ച മദ്യത്തിന്റെ കണക്ക്

44 [223] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവ് വർദ്ധിക്കുന്നുണ്ടോ; സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ വിറ്റഴിച്ച മദ്യം എത്ര;

LIBRARY ARCHIVES Kerala Legislative Assembly